**പതിമൂന്നാം കേരള നിയമസഭ**

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി III
# (SUBJECT COMMITTEE III)

## ജലവിഭവം
## (WATER RESOURCES)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**

**രണ്ടാമത് റിപ്പോർട്ട്**

**(2012-2013)**

**SECOND REPORT**

**ON**

**THE SCRUTINY OF DEMANDS FOR GRANTS**

**(2012-2013)**

2012 ജൂൺ 11-ാം തീയതി സമർപ്പിച്ചത്

(Presented on June 11, 2012)

നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി III
# (SUBJECT COMMITTEE III)

ജലവിഭവം

(WATER RESOURCES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

രണ്ടാമത് റിപ്പോർട്ട്

2012-2013

SECOND REPORT ON THE SCRUTINY OF DEMANDS

FOR GRANTS

(2012-2013)

421/2012.

## ഉള്ളടക്കം


| | | *പേജ്* |
| --- | --- | --- |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി III-ജലവിഭവം
## (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. പി. ജെ. ജോസഫ്

ജലവിഭവ വകുപ്പുമന്ത്രി

അംഗങ്ങൾ :

ശ്രീ. എ. എം. ആരിഫ്

,, വി. റ്റി. ബൽറാം

,, കെ. കെ. ജയചന്ദ്രൻ

,, ജി. എസ്. ജയലാൽ

,, വർക്കല കഹാർ

,, കെ. കുഞ്ഞിരാമൻ (ഉദുമ)

,, കെ. മുഹമ്മദുണ്ണി ഹാജി

,, റ്റി. എൻ. പ്രതാപൻ

,, തോമസ് ചാണ്ടി

,, തോമസ് ഉണ്ണിയാടൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

,, എം. ജോൺ മാത്യു, ജോയിന്റ് സെക്രട്ടറി

,, കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ജനറ്റ്, അണ്ടർ സെക്രട്ടറി

# അവതാരിക

2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ പരിധിയിൽവരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്, സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2012 ഏപ്രിൽ 12, 17 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ | XX — | ശുദ്ധജലവിതരണവും ശുചീകരണവും |
| ധനാഭ്യർത്ഥന നമ്പർ | XXIX — | കൃഷി (ചെറുകിട ജലസേചനം) (2702, 2705, 4702, 4705, 6705 എന്നീ കണക്കിനങ്ങൾ മാത്രം) |
| ധനാഭ്യർത്ഥന നമ്പർ | XXXVIII — | ജലസേചനം |

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗത്തിൽ സന്നിഹിതരായ ഉദ്യോഗസ്ഥരിൽനിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി രൂപം നൽകിയ നിർദ്ദേശങ്ങളും ശുപാർശകളുമാണ് റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത്.

2012 മേയ് മാസം 2-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. ജെ. ജോസഫ്,

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*

നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XX—ശുദ്ധജലവിതരണവും ശുചീകരണവും

വോട്ട് ചെയ്തത് : 1001,25,34,000 രൂപ

ചാർജ് ചെയ്തത് : ഇല്ല

**കേരള വാട്ടർ അതോറിറ്റി**

1. സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഭാഗികമായി ശുദ്ധജല വിതരണം നടപ്പാക്കിയിട്ടുണ്ടെന്നും നഗരങ്ങളിൽ 86.46% പേർക്കും ഗ്രാമപ്രദേശങ്ങളിൽ 71.75% പേർക്കും കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ടെന്നും ഗവൺമെന്റ് ലഭ്യമാക്കിയ കുറിപ്പ് വ്യക്തമാക്കുന്നു.

2. 2012-13 സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് വേണ്ടി 863.04 കോടി രൂപയാണ് പദ്ധതി വിഹിതമായി നീക്കിവച്ചിട്ടുള്ളത്. ഇതിൽ 68 കോടി രൂപ കേന്ദ്രാവിഷ്ക്കൃത പദ്ധതികൾക്കും 795.04 കോടി രൂപ സംസ്ഥാന പദ്ധതികൾക്കുമാണ്.

3. 2012-13 സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് 687.66 കോടി രൂപയാണ് പ്ലാനിനത്തിൽ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്നത്. ഇതിൽ 300 കോടി രൂപ ജിക്ക സഹായത്തോടെയുള്ള പദ്ധതികൾക്കും ബാക്കി 387.68 കോടി രൂപ മറ്റ് പദ്ധതികൾക്കുമാണ് വകയിരുത്തിയിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് വിഹിതമായി എൻ.ആർ.ഡി.ഡബ്ല്യു.പി.യിൽ നിന്ന് 2012-13 സാമ്പത്തിക വർഷം ഏകദേശം 160 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. ആയതിനാൽ, പ്രസ്തുത തുകയുടെ 75% ആയ 120 കോടി രൂപയാണ് സംസ്ഥാന വിഹിതമായി വകയിരുത്തേണ്ടത്. 2012-13-ലെ ബഡ്ജറ്റിൽ സംസ്ഥാന വിഹിതമായി വകയിരുത്തിയിരിക്കുന്ന 56 കോടി രൂപ അപര്യാപ്തമായതിനാൽ 64 കോടി രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4. 4215-01-102-98—നബാർഡ് സഹായത്തോടെ ഗ്രാമീണ ജലവിതരണ പദ്ധതികൾ

നബാർഡ് സഹായത്തോടെ RIDF XIV-ൽ 36 സ്കീമുകളും RIDF XVI–ൽ പമ്പുകൾ മാറ്റിവയ്ക്കുന്നതിനുവേണ്ടിയും RIDF XVII–ൽ 2 പദ്ധതികളുമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 36 കോടി രൂപ അപര്യാപ്തമായതിനാൽ 164 കോടി രൂപകൂടി 4215 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5. 2215-01-102-97

കുമരകത്തും പാറശ്ശാലയിലും പുതിയ കുടിവെള്ള പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 10 കോടി രൂപ അപര്യാപ്തമായതിനാൽ 40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

6. 2012-13 സാമ്പത്തിക വർഷത്തേക്ക് പദ്ധതിയേതര സഹായമായി വകയിരുത്തിയിട്ടുള്ളത് 175.38 കോടി രൂപയാണ്. ഇത് തികച്ചും അപര്യാപ്ത

മായതിനാൽ 441.50 കോടി രൂപകൂടി അധിക പദ്ധതിയേതര സഹായമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ധനാഭ്യർത്ഥന നമ്പർ XXIX—കൃഷി (ചെറുകിട ജലസേചനം)

| | | |
|---|---|---|
| വോട്ട്ചെയ്തത് | : | 2038,27,86,000 രൂപ |
| ചാർജ് ചെയ്തത് | : | ഇല്ല |

7. 2702-02-005-77—രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി

കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഉറപ്പുവരുത്തുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുള്ള ഈ പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം 1 കോടി രൂപയാണ്. ഈ തുക അപര്യാപ്തമായതിനാൽ 5 കോടി രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8. 2702-02-005-99—(എം. ആന്റ് ഇ.) പുതിയ റിഗ്ഗുകൾ വാങ്ങുവാനുള്ള അധിക തുക സംബന്ധിച്ച്

സംസ്ഥാനത്ത് കുടിവെള്ള ലഭ്യതയ്ക്ക് കുഴൽകിണറുകളെയും ആശ്രയിക്കുന്നുണ്ട്. എന്നാൽ വിവിധതരം റിഗ്ഗുകളുടെ അപര്യാപ്തതമൂലം കുഴൽ കിണർ നിർമ്മാണം സമയബന്ധിതമായി നടത്തുവാൻ കഴിയുന്നില്ല. ആയതിനാൽ വിവിധതരം ആധുനിക റിഗ്ഗുകൾ വാങ്ങുവാൻ 11.5 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

9. 2702-03-101-98-01—പ്രകൃതിക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ച ചെറുകിട ജലസേചന പണികൾ നന്നാക്കുന്നതിന് മറ്റ് പരിപാടികൾ

ക്രോസ് ബാറുകൾ, വിയറുകൾ തുടങ്ങിയവ നിർമ്മിച്ച് 50 ഹെക്ടർവരെ ജലസേചനം ഏർപ്പെടുത്തുന്നതിനുള്ള, ഈ പദ്ധതിക്കായി ഒരു കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. പുതിയ പ്രവൃത്തികൾ ചെയ്യുന്നതിനും ഏറ്റെടുത്ത പണികൾ ചെയ്തുതീർക്കുന്നതിനും ഈ തുക തികച്ചും അപര്യാപ്തമായതിനാൽ 1 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10. 2702-03-101-98-02—ചെറുകിട ജലസേചന പണികളുടെ കേടുപാടു പോക്കൽ

ജലസേചന വകുപ്പിൻകീഴിൽ നിരവധി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടേയും ചെറുകിട ജലസേചന പദ്ധതികളുടേയും കേടുപാട് തീർക്കുന്നതിനായി ഈയിനത്തിൽ വകയിരുത്തിയിട്ടുള്ള 1 കോടി രൂപ അപര്യാപ്തമായതിനാൽ ഒരു കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

11. 2702-03-101-99—വർക്ക് ചാർജ്ഡ് എസ്റ്റാബ്ളിഷ്മെന്റ്

വെള്ളപ്പൊക്കംമൂലം ചെറുകിട ജലസേചന പദ്ധതികൾക്ക് നേരിടുന്ന കെടുതികൾ പോക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 10.20 കോടി രൂപ

അപര്യാപ്തമായതിനാൽ 5 കോടി രൂപകൂടി ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. 4702-00-101-99—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനം

ചെക്ക് ഡാമുകൾ, റഗുലേറ്ററുകൾ, ബണ്ടുകൾ, ചെറിയ തോടുകൾ, ക്രോസ് ബാറുകൾ മുതലായവ നിർമ്മിച്ച് 2000 ഹെക്ടർവരെ ജലസേചനമേർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിയാണിത്. ഈ പദ്ധതിയിൻകീഴിൽ ഏറ്റെടുത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പണികൾ പൂർത്തിയാക്കുന്നതിനും ബില്ലുകൾ കൊടുത്തുതീർത്തശേഷം പുതിയ പണികൾ ഏറ്റെടുക്കുന്നതിനുമായി നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 2 കോടി രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. 4702-00-101-93—ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ചെലവ് നബാർഡ് സഹായ പദ്ധതി

നബാർഡിന്റെ സഹായമുള്ള പ്രവൃത്തികൾക്ക് ഈ കണക്കിനത്തിൽ നിന്നും ചെലവ് വഹിക്കുന്നു. കർഷക ആത്മഹത്യ കൂടുതലായുള്ള വയനാട്, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകൾക്കായി കേന്ദ്ര സർക്കാർ അംഗീകരിച്ച സ്പെഷ്യൽ പാക്കേജിൻകീഴിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 15 കോടി രൂപ അപര്യാപ്തമായതിനാൽ 10 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. 4702-00-101-90—ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കൽ

നെൽക്കൃഷിക്കുവേണ്ടി അനേകം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ സംസ്ഥാനത്ത് ഉള്ളതിൽ ഭൂരിഭാഗവും പൂർണ്ണമായും പ്രവർത്തനക്ഷമമല്ല. ഇവയുടെ പുനരുദ്ധാരണത്തിനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതിക്ക് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ഏറ്റെടുത്ത പണികൾ പൂർത്തീകരിക്കുന്നതിനും കുടിശ്ശിക ബില്ലുകൾ കൊടുത്തുതീർക്കുന്നതിനും 75 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന XXXVIII—ജലസേചനം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 861,49,24,000 രൂപ |
| ചാർജ്ജ് ചെയ്തത് | : | 57,14,000 രൂപ |

15. 2700-01-101-98—പെരിയാർ നദീതട പദ്ധതി (വാണിജ്യപരം)

പെരിയാർ നദീതട പദ്ധതിയുടെ സംരക്ഷണ പണികൾക്കായി 6 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കനാലുകളുടെ സംരക്ഷണ പണികൾ കാലാകാലം തീർക്കേണ്ടതിനാൽ 4 കോടി രൂപകൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. 2700-02-101-98—മലമ്പുഴ പദ്ധതി (വാണിജ്യപരം)

മലമ്പുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. 2700-03-101-98—വാളയാർ പദ്ധതി (വാണിജ്യപരം)

വാളയാർ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി 1.50 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ കൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18. 2700-04-101-98—മംഗലം പദ്ധതി (വാണിജ്യപരം)

മംഗലം പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ച ഒരു കോടി രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപകൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. 2700-05-101-98—മീൻകര പദ്ധതി (വാണിജ്യപരം)

മീൻകര പദ്ധതിയുടെ സംരക്ഷണ പണികൾക്ക് ഈ ശീർഷകത്തിൽ അനുവദിച്ച 69.30 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

20. 2700-11-101-98—നെയ്യാർ ജലസേചന പദ്ധതി (വാണിജ്യപരം)

നെയ്യാർ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 4.40 കോടി രൂപ അപര്യാപ്തമായതിനാൽ കനാലുകളുടെ പുനരുദ്ധാരണത്തിനായി ഒരു കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. 2700-12-101-98—പഴശ്ശി പദ്ധതി (വാണിജ്യേതരം)

പഴശ്ശി പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 1.21 കോടി രൂപയാണ് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്. പഴശ്ശി പദ്ധതിയുടെ മോശമായ 14 റേഡിയൽ ഗേറ്റുകൾ പുനഃസ്ഥാപിക്കുന്നതിന് ഈയിനത്തിൽ 8 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. 2700-13-101-98—കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)

കുറ്റ്യാടി ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 2.4 കോടി രൂപയും തോട്ടങ്ങളുടെ സംരക്ഷണ പണികൾക്കായി 2 ലക്ഷം രൂപയുമാണ് 2012-13-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ സംരക്ഷണ പണികൾക്ക് 2 കോടി രൂപയും തോട്ടങ്ങളുടെ സംരക്ഷണ പദ്ധതികൾക്കായി 3 ലക്ഷം രൂപയുംകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

23. 2700-14-101-98—വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)

വടക്കാഞ്ചേരി (വാഴാനി) പദ്ധതിയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള ബഡ്ജറ്റ് വിഹിതം 1.32 കോടി രൂപയാണ്. ഇത് അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

24. 2700-16-101-98—പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)

പമ്പാ ജലസേചന പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകകൊള്ളിച്ചിട്ടുള്ള 4 കോടി രൂപ അപര്യാപ്തമായതിനാൽ ഒരു കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

25. 2700-18-101-98—കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)

കാഞ്ഞിരപ്പുഴ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 2.4 കോടി രൂപ അപര്യാപ്തമായതിനാൽ 2.8 കോടി രൂപകൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

26. 2700-25-101-98—മൂലത്തറ വലതുകര കനാൽ (വാണിജ്യേതരം)

2012-13-ലെ ബഡ്ജറ്റിൽ മൂലത്തറ പദ്ധതികളുടെ സംരക്ഷണ പണികൾക്കായി അനുവദിച്ചിട്ടുള്ള 5.39 ലക്ഷം രൂപയും ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ അനുവദിച്ചിട്ടുള്ള 4 ലക്ഷം രൂപയും അപര്യാപ്തമായതിനാൽ ഈയിനങ്ങളിൽ യഥാക്രമം 80 ലക്ഷം രൂപയും 4 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

27. 2700-27-101-98—കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം)

കമ്മീഷൻ ചെയ്ത ഈ പദ്ധതിയുടെ പൂർത്തീകരിക്കുവാനുള്ള കനാൽ പണികൾക്കുവേണ്ടി 3 കോടി രൂപയും കനാൽ റോഡുകളുടെ നവീകരണത്തിനുവേണ്ടി 2 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28. 2701-01-101-98—പീച്ചി ജലസംഭരണ പദ്ധതി (വാണിജ്യപരം)

പീച്ചി ജലസംഭരണ പദ്ധതിയുടെ സംരക്ഷണ പണികൾക്ക് 5 കോടി രൂപയും വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ 25 ലക്ഷം രൂപയുമാണ് വകകൊള്ളിച്ചിട്ടുള്ളത്. ഇവ അപര്യാപ്തമായതിനാൽ യഥാക്രമം 2.47 കോടി രൂപയും 21 ലക്ഷം രൂപയും ഈയിനങ്ങളിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

29. 2701-02-101-98—ചാലക്കുടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യപരം)

ഈ പദ്ധതിയുടെ സംരക്ഷണ പണികൾക്കായി അനുവദിച്ച 2 കോടി രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

30. 2701-03-101-98—ചീരക്കുഴി പദ്ധതി (വാണിജ്യപരം)

ചീരക്കുഴി പദ്ധതിയുടെ സംരക്ഷണ പണികൾക്കായി വകയിരുത്തിയിട്ടുള്ള 87 ലക്ഷം രൂപ തുലോം കുറവായതിനാൽ 25 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

31. 2701-14-101-98—ചിമ്മിണി മുപ്ലി പദ്ധതി (വാണിജ്യേതരം)

ചിമ്മിണി ഡാമിന്റെ സംരക്ഷണ പണികൾക്ക് വകയിരുത്തിയിട്ടുള്ളത് 60 ലക്ഷം രൂപയാണ്. ഡാം സേഫ്റ്റി കമ്മിറ്റിയുടെ ശുപാർശപ്രകാരമുള്ള

പണികൾ ചെയ്യുവാൻ 50 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

32. 2701-20-101-99—വെള്ളിയാംകല്ല് കാസ്‌വേ പദ്ധതി (വാണിജ്യേതരം)

വെള്ളിയാംകല്ല് കാസ്‌വേ പദ്ധതിയുടെ വർക്ക് ചാർജ്ഡ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള 60,000 രൂപ അപര്യാപ്തമായതിനാൽ 1.10 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

33. 2701-80-001-93—കാവേരി നദീതട പദ്ധതികൾ

കാവേരി നദീതട പദ്ധതിയുടെ ഡിവിഷൻ ഓഫീസുകളുടെ ഭരണ ചെലവിനായി 2 കോടി രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34. 2701-80-005-98—അന്വേഷണവും ഗവേഷണവും

പര്യവേഷണവും ഗവേഷണവും സംബന്ധിച്ച ചെറുകിട മരാമത്ത് പണികൾക്കും മറ്റ് ചിലവുകൾക്കുമായി 24.50 ലക്ഷം രൂപയാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. ഇത് അപര്യാപ്തമായതിനാൽ 20.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

35. 2701-80-005-97—അന്വേഷണവും രൂപകല്പനയും

ജലസേചന പദ്ധതികളുടെ പര്യവേഷണത്തിനും രൂപകല്പനകൾക്കും നിലവിലുള്ള ഐ.ഡി.ആർ.ബി. ഓഫീസ് നവീകരണത്തിനുമായി വകകൊള്ളിച്ചിട്ടുള്ള 15 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 7.26 കോടി രൂപകൂടി ഈയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

36. 2701-80-005-96—മുല്ലപ്പെരിയാർ ഡാമിനെക്കുറിച്ചുള്ള വിശദപഠനം

പുതിയ ഡാമിനുവേണ്ടി ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ (ജി.എസ്.ഐ.) യുടെ റിപ്പോർട്ട് പ്രകാരമുള്ള അധിക ബോർഹോൾ എക്സ്‌പ്ലൊറേഷൻ നടത്തുന്നതിന് വേണ്ടി 26.7 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

37. 2701-80-800-97—മറ്റു ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികളും സംരക്ഷണ പണികളും

പൂർത്തിയായ ജലസേചന പദ്ധതികളിൽ സംരക്ഷണ പണികൾക്ക് പ്രത്യേകമായി തുക കൊള്ളിച്ചിട്ടില്ലാത്തവയുടെ സംരക്ഷണ പണികൾക്കും തൃശൂർ കോൾനിലങ്ങളിൽ ജലസേചന വികസന പ്രവർത്തനങ്ങൾക്കുമായി 2.50 കോടി രൂപയാണ് നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 2 കോടി രൂപകൂടി ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

38. 2701-80-800-94—കാവേരി ഉൾപ്പെടെയുള്ള അന്തർ-സംസ്ഥാന നദീജലം.

ഐ.എസ്.ഡബ്ല്യു.യിലെ ജീവനക്കാർക്കും പ്രത്യേകിച്ച് കാവേരി നദീജല തർക്ക ട്രൈബ്യൂണലിനായി ഉണ്ടാക്കപ്പെട്ട പ്രത്യേക വിഭാഗത്തിലെ ഉദ്യോഗസ്ഥൻമാർക്ക്

ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കും വക്കീൽ ഫീസിനും വകയിരുത്തിയിട്ടുള്ള 1.8934 കോടി രൂപ അപര്യാപ്തമായതിനാൽ 17 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

39. 2701-80-800-92—അണക്കെട്ട് സുരക്ഷാസംഘടനയും സന്നാഹങ്ങളും

ഭരണച്ചെലവിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

40. 2711-02-800-99—കടലാക്രമണ നിരോധനം സംബന്ധിച്ച പദ്ധതികൾ കോസ്റ്റൽ എറോഷൻ പദ്ധതികൾ സംബന്ധിച്ച പഠനം

കടലാക്രമണ നിരോധന പദ്ധതിയുടെ ഭാഗമായി കടൽതീര മണലൊലിപ്പ് തടയുന്നതിനായി കോസ്റ്റൽ ഇറോഷൻ സംബന്ധിച്ച പഠനം നടത്തുന്നതിനായി ഒരു ഡിവിഷനും 2 സബ് ഡിവിഷനുകളുടേയും 5 സെക്ഷനുകളുടേയും പ്രവർത്തനങ്ങൾക്കുമായി 2.1279 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ 1.6032 കോടി രൂപകൂടി ഈയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

41. 4700-02—മലമ്പുഴ പദ്ധതി (വാണിജ്യപരം)

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. മലമ്പുഴ ഉദ്യാനം രണ്ടാംഘട്ട പണിയുടെ പൂർത്തീകരണത്തിന് 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

42. 4700-20—ഇടമലയാർ പദ്ധതി (വാണിജ്യേതരം)

ഇടമലയാർ പദ്ധതിയുടെ മരാമത്ത് പണികൾക്കായി 14.0640 കോടി രൂപയും ലാന്റ് അക്വിസിഷൻ കേസുകൾക്കായി 30 ലക്ഷം രൂപയുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഇത് അപര്യാപ്തമായതിനാൽ മരാമത്ത് പണികൾക്കായി 25 കോടി രൂപയും സ്ഥലമെടുപ്പിന് 5 കോടി രൂപയും സ്ഥലമെടുപ്പ് കേസുകൾക്ക് 3 കോടി രൂപയും കൂടാതെ ഭരണപരമായ ചെലവുകൾക്കായി 5 കോടി രൂപയും ചേർത്ത് ആകെ 38 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

43. 4700-22—മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)

4.50 കോടി രൂപയാണ് ഈ പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികൾക്ക് ഈ തുക അപര്യാപ്തമാണ്. 2012-13 വർഷത്തിൽ എ.ഐ.ബി.പി. ഗ്രാന്റ് ലഭ്യമാക്കുവാനായി 35 കോടി രൂപയും ഭരണപരമായ ചെലവുകൾക്ക് 15 കോടി രൂപയും കൂടാതെ സ്ഥലമെടുപ്പിനായി 10 കോടി രൂപയും സ്ഥലമെടുപ്പ് കേസുകൾക്കായി 5 കോടി രൂപയും ചേർത്ത് 65 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

44. 4701-12-800-97—അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)

ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. അട്ടപ്പാടി സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 4.159 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

45. 4701-18—ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് (വാണിജ്യേതരം)

പ്രസ്തുത പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിലും മരാമത്ത് പണികൾക്കുമായി 28.5696 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

46. 4701-22—പലകപ്പാണ്ടി നദി തിരിച്ചുവിടൽ പദ്ധതി (വാണിജ്യേതരം)

ഈയിനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 4-ാമത്തെ റീച്ചുകൂടി പൂർത്തീകരിക്കാനുള്ളതിനാൽ 2 കോടി രൂപകൂടി നബാർഡ് ധനസഹായംവഴി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

47. 4701-80-800-99—കേരള എഞ്ചിനീയറിംഗ് റിസർച്ച് സ്റ്റേഷൻ പീച്ചി സ്റ്റേജ് 2-ന്റെ വികസനം

പീച്ചിയിലെ ഗവേഷണ പഠനകേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന 85 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 3.65 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

48. 4701-80-800-93—നാഷണൽ ഹൈഡ്രോളജി പ്രോജക്ട്

ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയുടെ രണ്ടാംഘട്ട പരിപാടിക്കായി 3 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പ്രധാനമായ പ്രവൃത്തികളെല്ലാം 2012-2013 കാലഘട്ടത്തിൽ തീർക്കേണ്ടതായിട്ടുള്ളതുകൊണ്ട് 1 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

49. 4701-80-800-81—ജലസേചന പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനുവേണ്ടിയുള്ള നിലവാര നിർണ്ണയം

വിവിധ പദ്ധതികളുടെ കാര്യക്ഷമമായ മാനേജ്മെന്റിനായി വകയിരുത്തിയിട്ടുള്ള 5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

50. 4701-80-800-76—മുൻഗണനാ പ്രവൃത്തികൾ

ഇടത്തരം ജലസേചന പദ്ധതികളിൽ മുൻഗണനാ പ്രവൃത്തികൾക്ക് വകയിരുത്തിയിരിക്കുന്ന ഒരു കോടി രൂപ അപര്യാപ്തമായതിനാൽ 100 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

51. 2701-80-800-79—ഓഫീസുകൾ നെറ്റ്വർക്കിംഗ്

ജലസേചന വകുപ്പിലെ ഓഫീസുകളിൽ നെറ്റ്വർക്കിംഗിനായി വകയിരുത്തിയിട്ടുള്ള 20 ലക്ഷം അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

52. 2711-01-103-99—വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ സംരക്ഷണം
2711-01-103-98—വെള്ളപ്പൊക്കക്കെടുതികൾമൂലമുള്ള അറ്റകുറ്റപ്പണികൾ

സംസ്ഥാനത്തെ പൂർത്തിയാക്കപ്പെട്ട വെള്ളപ്പൊക്ക നിയന്ത്രണ പണികളുടെ പ്രത്യേകമായ സംരക്ഷണത്തിനും വെള്ളപ്പൊക്കംമൂലം ഉണ്ടാകുന്ന കെടുതികളുടെ

അറ്റകുറ്റപ്പണികൾക്കുമായി 10 കോടി രൂപ വീതമാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ രണ്ട് കണക്കിനങ്ങളിലും 5 കോടി രൂപ വീതം അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

53. 2711-02-103-99—കടലാക്രമണ നിരോധന പണികൾ—സംരക്ഷണം.

നിരന്തരമായി കടലാക്രമണംമൂലം കടൽഭിത്തികൾ നേരിടുന്ന കെടുതികളുടെ സംരക്ഷണ പണികൾക്കും കൂടാതെ പ്രകൃതിക്ഷോഭത്തിൽ നിന്ന് കടൽതീരത്തെ രക്ഷിക്കുന്നതിനുള്ള അടിയന്തിര പണികൾക്കുമായി വകയിരുത്തിയിട്ടുള്ള 7.0001 കോടി രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

54. 4711-01-103-98—തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ

തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കക്കെടുതികൾ ഒഴിവാക്കുന്നതിന് വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ഈ കണക്കിനത്തിൽ 2012-13 വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ഭരണാനുമതി ലഭിച്ച 27 കോടി രൂപയുടെ പണികൾ പൂർത്തീകരിക്കുന്നതിന് 27 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

55. 4711-01-103-90—കുട്ടനാട് പാക്കേജ്

എം.എസ്. സ്വാമിനാഥൻ റിസേർച്ച് അഡ്മിനിസ്ട്രേഷന്റെ നിർദ്ദേശ പ്രകാരം കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ നിലവിലുള്ള ബണ്ടുകൾ ഉയർത്തുകയും വശങ്ങൾ ബലപ്പെടുത്തുകയും ചെയ്ത് ഭാവിയിൽ വരുന്ന വെള്ളപ്പൊക്കത്തിൽ നിന്ന് പാടശേഖരങ്ങളെ സംരക്ഷിക്കാനുള്ള ജോലികൾക്കായുള്ള ഈ കണക്കിനത്തിൽ 200 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 75% കേന്ദ്ര ഗവൺമെന്റിൽ നിന്നും ഗ്രാന്റ് ലഭിക്കുന്ന ഈ പദ്ധതിക്ക് ഗ്രാന്റ് ലഭിക്കുന്നതിന് അനുസരിച്ച് കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

56. 4711-01-103-89—വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളുടെ മുൻഗണനാ പ്രവൃത്തികൾ

നോൺ പ്ലാൻ ശീർഷകത്തിൽ അനുവദിച്ച ഈ പുതിയ കണക്കിനത്തിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ കണക്കിനത്തിലേക്ക് 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

57. 4711-02-103-99—കടലാക്രമണ നിരോധന പദ്ധതികൾ

കടലാക്രമണം സംഭവിക്കുന്ന സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും പഴയവ പുതുക്കിപ്പണിയുന്നതിനുമായി വകയിരുത്തിയിരിക്കുന്ന 35 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 50 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**പൊതു ശുപാർശ**

1. പഴശ്ശി പദ്ധതിയുടെ ഷട്ടറുകളെല്ലാം ദ്രവിച്ച് കുടിവെള്ളംപോലും കിട്ടാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും ആഴത്തിൽ ഷട്ടറുകൾ ഡിസൈൻ ചെയ്തതാണ് പ്രശ്നമെന്നും സമിതി അഭിപ്രായപ്പെട്ടു.

പഴശ്ശി ഡാമിന്റെ ഷട്ടറുകളുടെ പണി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2. പുതുക്കിപ്പണിത മലമ്പുഴ ഡാമിനോടനുബന്ധിച്ചുള്ള ഗാർഡൻ വൃന്ദാവൻ ഗാർഡൻപോലെ മനോഹരമാണെന്നും 22 കോടി രൂപ ചെലവഴിച്ച് പുതുക്കിപ്പണിതെങ്കിലും സന്ദർശകരുടെ എണ്ണം വർദ്ധിച്ചതുമൂലം 40 ദിവസത്തെ കളക്ഷൻ 44 ലക്ഷം രൂപയാണെന്നും സമിതി വിലയിരുത്തി.

ഇതിന്റെ അടിസ്ഥാനത്തിൽ കുറ്റ്യാടി, കാരാപ്പുഴ, പെരുവണ്ണാമൂഴി, വെള്ളിയാംകല്ല് കാസ്‌വേ എന്നീ ജലപദ്ധതികളുടെ പരിസരത്തും ടൂറിസം ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് വിനോദസഞ്ചാരികളേയും നാട്ടുകാരേയും ആകർഷിക്കത്തക്കവിധത്തിൽ പൂന്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

3. മുല്ലപ്പെരിയാർപോലെ അപകടാവസ്ഥയിലാണ് ചിമ്മിനി ഡാമെന്ന് സമിതി വിലയിരുത്തി. ഈ ഡാമിന്റെ സുരക്ഷിതത്വം എത്രമാത്രമാണെന്ന് വിദഗ്ദ്ധമായ പരിശോധന നടത്തി ഇതു സംബന്ധിച്ച് റിപ്പോർട്ട് ഒരുമാസത്തിനകം ലഭ്യമാക്കുന്നതിന് വേണ്ട നടപടി ഡാം സേഫ്റ്റി അതോറിറ്റി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4. മലമ്പുഴ അണക്കെട്ടും സമീപപ്രദേശങ്ങളും സിനിമാനിർമ്മാണാവശ്യങ്ങൾക്കായി നൽകുമ്പോൾ, ഇപ്പോൾ പ്രതിദിനം 5,000 രൂപയാണ് വാടകയായി ഈടാക്കുന്നത്. ഇത് പ്രതിദിനം 25,000 രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2.05.2012

**പി. ജെ. ജോസഫ്,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി III.*